"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - ജീവനക്കാര്യം - കൊല്ലം, കൊട്ടിയം, സബ്-രജിസ്ട്രാർ ഓഫീസ് ഹെഡ് ക്ലാർക്ക് ശ്രീമതി. ഷൈനി.സി.യെ കൊല്ലം ജില്ലാ മിഷനിലെ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ(ഐ.ഇ.സി.) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.84/2024/LSGD തീയതി,തിരുവനന്തപുരം, 10-01-2024

---

പരാമർശം:-

1. സർക്കുലർ നം. 42/2013/ധന തീയതി 10/05/2013.
2. സ.ഉ.(അ) നം. 580/2013/ധന തീയതി 28/11/2013.
3. സ.ഉ.(സാധാ) നം. 72/2019/തസ്വഭവ തീയതി 23/06/2019.
4. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12/10/2023ലെ 1437/ബി2/2023/എസ്.എം. നമ്പർ കത്ത്.

**ഉത്തരവ്**

ശുചിത്വമിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി.) യുടെ 14 തസ്തികകളും അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യൂ.എം.) ന്റെ 14 തസ്തികകളും സൃഷ്ടിച്ചുകൊണ്ടും ടി തസ്തികകളിലേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകികൊണ്ടും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. ഇതിൻപ്രകാരം കൊല്ലം ജില്ലാ മിഷനിലെ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ(ഐ.ഇ.സി.) തസ്തികയിൽ കൊല്ലം, കൊട്ടിയം, സബ്-രജിസ്ട്രാർ ഓഫീസ് ഹെഡ് ക്ലാർക്ക് ശ്രീമതി. ഷൈനി.സി.യെ അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനായി ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ട പ്രകാരം ശുചിത്വ മിഷന്റെ കൊല്ലം ജില്ലാ മിഷനിലെ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ(ഐ.ഇ.സി.) തസ്തികയിൽ കൊല്ലം, കൊട്ടിയം, സബ്-രജിസ്ട്രാർ ഓഫീസ് ഹെഡ് ക്ലാർക്ക് ശ്രീമതി. ഷൈനി.സി.യെ കെ.എസ്.ആർ. ഭാഗം I ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും അന്യത്രസേവനം സംബന്ധിച്ച് പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJESH K R

സ.ഉ.(സാധാ) നം.84/2024/LSGD

അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം

ശ്രീമതി. ഷൈനി.സി (രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ./ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (IA2/166/2023/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 10-01-2024 15:23:44

സെക്ഷൻ ഓഫീസർ